ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 07.08.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. നീറ്റ് വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. എംഎസ്എംഇ ഭേദഗതി ബി ൽ പാർലമെൻറ് പാസ്സാക്കി.

   **Both houses of Parliament adjourned for today following opposition uproar over NEET issues. Parliament passes the MSME Amendment Bill.**

2. സ്ത്രീ ശാക്തീകരണം, തൊഴിൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം ഇന്ത്യയുടെ സമ്പന്നമായ പൈതൃകത്തെയും സംരക്ഷിക്കുന്ന മേഖലയാണ് കൈത്തറിയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu says handloom is a sector that promotes women empowerment and employment and also protects India's rich heritage.**

3. കേരളത്തിൽ വടക്കൻ ജില്ലകളിൽ അതി തീവ്ര മഴയ്ക്ക് സാധ്യത. നാല് ജില്ലകളിൽ ചുവപ്പു ജാഗ്രത. കേരളം- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

   **In Kerala, heavy rain likely to continue in northern districts. Red alert in four districts. Fishing banned off Keralam-Karnataka-Lakshadweep coasts**

4. ഐക്യരാഷ്ട്രസഭ സുരക്ഷാ കൗൺസിലിൽ ഇന്ത്യയ്ക്ക് സ്ഥിരാംഗത്വം നൽകുന്നത് സംബന്ധിച്ച ചർച്ചകൾ നേരത്തെ ആരംഭിക്കണമെന്ന് ഇന്ത്യ ആവശ്യപ്പെടുന്നുണ്ടെന്ന് കേന്ദ്ര സർക്കാർ.

**The Government said India has been advocating for early commencement of negotiations regarding permanent membership for India in an expanded United Nations Security Council.**

5. വിദേശ ധനസഹായ നിയന്ത്രണ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് വിവിധ രാജ്യങ്ങൾ ഉയർത്തിയ എതിർപ്പുകൾ തള്ളി വിദേശകാര്യ മന്ത്രാലയം.

**The Ministry of External Affairs has rejected the objections raised by various countries regarding the Foreign Contribution (Regulation) Amendment Bill.**

6. കൊറിയ മാസ്റ്റേഴ്സ് ബാഡ്മിന്റണിൻറെ വനിതാ സിംഗിൾസിൽ, ഇന്ത്യൻ താരങ്ങളായ രക്ഷിത രാംരാജും അഷ്മിത ചാലിഹയും സെമിഫൈനലിൽ.

**In the women's singles of the Korea Masters badminton, Indian players Rakshita Ramraj and Ashmita Chaliha entered the semifinals.**

## PREZ HANDLOOM DAY(INTRO)

സ്ത്രീ ശാക്തീകരണം, പ്രകൃതി സ്നേഹം, തൊഴിൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം ഇന്ത്യയുടെ സമ്പന്നമായ പൈതൃകത്തെയും സംരക്ഷിക്കുന്ന മേഖലയാണ് കൈത്തറിയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. 12-ാമത് ദേശീയ കൈത്തറി ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിൽ നടന്ന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. 35 ലക്ഷത്തിലധികം ആളുകൾ കൈത്തറി മേഖലയിൽ തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ടെന്നും അതിൽ 25 ലക്ഷത്തോളം പേർ സ്ത്രീകളാണെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ് രാഷ്ട്രപതി )

ചടങ്ങിൽ, 2025-ലെ സന്ത് കബീർ കൈത്തറി അവാർഡുകളും ദേശീയ കൈത്തറി അവാർഡുകളും രാഷ്ട്രപതി സമ്മാനിച്ചു. കൈത്തറി നെയ്ത്ത് പാരമ്പര്യങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നാല് സ്മാരക തപാൽ സ്റ്റാമ്പുകളും ചടങ്ങിൽ പുറത്തിറക്കി.

## LS - ADJOURN

നീറ്റ് വിദ്യാർത്ഥി സമരത്തിനെതിരായ പോലീസ് നടപടി ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ പാർലമെൻറിൽ പ്രതിപക്ഷ ബഹളം. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തിന്റെ 84-ാാം വാർഷികത്തോടനുബന്ധിച്ച് രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയ്ക്കും, സ്വാതന്ത്ര്യസമര സേനാനികൾക്കും പാർലമെൻറ് ശ്രദ്ധാഞ്ജലി അർപ്പിച്ചു. പ്രതിപക്ഷബഹളത്തിനിടെ എംഎസ്എംഇ ഭേദഗതി ബിൽ പാർലമെൻറ് പാസ്സാക്കി. ലോക്സഭ ഇന്ന് ബില്ലിന് അംഗീകാരം നൽകുകയായിരുന്നു. ഇരുസഭകളും തിങ്കളാഴ്ച വീണ്ടും ചേരും.

## LS INDIA UNSC

ഐക്യരാഷ്ട്രസഭ സുരക്ഷാ കൗൺസിലിൽ ഇന്ത്യയ്ക്ക് സ്ഥിരാംഗത്വം നൽകുന്നത് സംബന്ധിച്ച ചർച്ചകൾ നേരത്തെ ആരംഭിക്കണമെന്ന് ഇന്ത്യ ആവശ്യപ്പെടുന്നുണ്ടെന്ന് കേന്ദ്ര സർക്കാർ. സുരക്ഷാ കൗൺസിലിൽ സ്ഥിരാംഗങ്ങളുടെയും താത്കാലിക അംഗങ്ങളുടെയും പ്രാതിനിധ്യം വർധിപ്പിക്കേണ്ടതിന്റെ ആവശ്യകത ഇന്ത്യ നിരന്തരം മുന്നോട്ടി വെക്കുന്നു ണ്ടെന്നും കേന്ദ്ര സഹമന്ത്രി കീർത്തി വർദ്ധൻ സിംഗ് ലോക്സഭയിൽ അറിയിച്ചു.

## LS JAISHANKAR PAK

ഭീകരതയും ശത്രുതയും അക്രമവുമില്ലാത്ത അന്തരീക്ഷത്തിൽ മാത്രമേ പാകിസ്ഥാനുമായുള്ള ഇന്ത്യയുടെ ബന്ധത്തിന് മുന്നോട്ടുപോകാനാകൂ എന്ന് കേന്ദ്ര വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിലാണ്, അതിർത്തി കടന്നുള്ള ഭീകരവാദ നയം പാകിസ്ഥാൻ പിന്തുടരുകയാണെന്ന് ജയശങ്കർ വ്യക്തമാക്കിയത്.

## LS - VAISHNAW RAILWAY

യാത്രക്കാരുടെ സുരക്ഷയ്ക്ക് വലിയ മുൻഗണനയാണ് ഇന്ത്യൻ റെയിൽവേ നൽകുന്നതെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ലോക്സഭ യിൽ പറഞ്ഞു. കഴിഞ്ഞ കുറേ വർഷങ്ങളായി നടപ്പിലാക്കിയ വിവിധ സുരക്ഷാ നടപടികളുടെ ഫലമായി ട്രെയിനുകൾ പാളം തെറ്റുന്നത് ഉൾപ്പെടെ

യുള്ള അപകടങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായതായി അദ്ദേഹം വ്യക്തമാക്കി.

## VP VIST

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണന്റെ രണ്ട് ദിവസത്തെ ആൻഡമാൻ നിക്കോബാർ ദ്വീപ് സന്ദർശനത്തിന് നാളെ തുടക്കം. സന്ദർശനത്തിന്റെ ആദ്യ ദിവസം അദ്ദേഹം സെല്ലുലാർ ജയിൽ ദേശീയ സ്മാരകത്തിൽ രക്തസാക്ഷികൾക്ക് ആദരാഞ്ജലി അർപ്പിക്കും. രണ്ടാം ദിവസം, ശ്രീ. വിജയ് പുരത്തിലെ ഫ്ലാഗ് പോയിന്റിൽ ഹർ ഘർ തിരംഗ പ്രചാരണ പരിപാടിയിലും ഉപരാഷ്ട്രപതി പങ്കെടുക്കും. തുടർന്ന് നേതാജി സുഭാഷ് ചന്ദ്രബോസ് ദ്വീപും സന്ദർശിക്കും.

## MEA- BRIEFING (INTRO)

ഇന്ത്യയുടെ നിയമനിർമ്മാണ വിഷയങ്ങൾ പാർലമെന്റ് തീരുമാനിക്കുന്ന ആഭ്യന്തര കാര്യമാണെന്നു വിദേശകാര്യ മന്ത്രാലയം. വിദേശ ധനസഹായ നിയന്ത്രണ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് വിവിധ രാജ്യങ്ങൾ ഉയർത്തിയ എതിർപ്പുകൾ മന്ത്രാലയം തള്ളിക്കളഞ്ഞു. ന്യൂഡൽഹിയിൽ മാധ്യമ പ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുകയായിരുന്നു വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. അമേരിക്ക അടക്കമുള്ള നിരവധി രാജ്യങ്ങൾ വിദേശ ഫണ്ടുകളുടെ വരവ് നിയന്ത്രിക്കുന്നുണ്ടെന്ന് ശ്രീ. ജയ്സ്വാൾ ചൂണ്ടിക്കാട്ടി.

(വോയിസ്)

ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുടെ വാർത്താ സമ്മേളന ത്തെക്കുറിച്ചുള്ള ചോദ്യത്തിന് മറുപടിയായി, ഒരു സ്വകാര്യ മാധ്യമ സ്ഥാപനം സംഘടിപ്പിച്ച ചടങ്ങിൽ ഇന്ത്യക്ക് യാതൊരു പങ്കുമില്ലെന്ന് ജയ്സ്വാൾ ആവർത്തിച്ചു. പരിപാടിയിൽ പറഞ്ഞ കാര്യങ്ങളെയൊന്നും സർക്കാർ പിന്തുണയ്ക്കുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവും തമ്മിൽ നടത്തിയ ടെലിഫോൺ സംഭാഷണത്തെക്കുറിച്ച് സംസാരിച്ച വിദേശകാര്യ വക്താവ്, പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യങ്ങളും മാറ്റങ്ങളും ഇരു നേതാക്കളും ചർച്ച ചെയ്തതായി പറഞ്ഞു. ഇസ്രായേലിന്റെ ഭാഗത്തു

നിന്നാണ് കോൾ വന്നതെന്നും ഇന്ത്യക്ക് ആ രാജ്യവുമായി തന്ത്രപരമായ പങ്കാളിത്തമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## HANDLOOM - DAY

ഇന്ത്യയുടെ കൈത്തറി നൈപുണ്യത്തിന് ആഗോളതലത്തിൽ അംഗീകാരം ലഭിക്കുന്നതിനായി, കുറഞ്ഞത് ഒരു കൈത്തറി ഉൽപ്പന്നമെങ്കിലും വാങ്ങാനും അതിനെക്കുറിച്ചുള്ള വീഡിയോ പങ്കുവെക്കാനും ദേശീയ കൈത്തറി ദിനത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളോട് അഭ്യർത്ഥിച്ചു. 2015 ഓഗസ്റ്റ് 7-നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ കൈത്തറി ദിനാഘോഷത്തിന് ഔദ്യോഗികമായി തുടക്കം കുറിച്ചത്.

## PM- IIT DELHI

ഡൽഹി ഐഐടി യുടെ 57-ാമത് ബിരുദദാന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ പങ്കെടുക്കും. രാഷ്ട്രപതിയുടെ സ്വർണ്ണ മെഡൽ ഉൾപ്പെടെ മികച്ച പ്രകടനത്തിനുള്ള വിവിധ അംഗീകാരങ്ങൾ പ്രധാനമന്ത്രി വിദ്യാർത്ഥികൾക്ക് സമ്മാനിക്കും. ഐഐടിയുടെ സോണിപത് കാമ്പസിൽ സ്ഥാപിച്ചിരിക്കുന്ന നിർമിത ബുദ്ധി അധിഷ്ഠിത കമ്പ്യൂട്ടിംഗ് സൗകര്യമായ പരം പ്രവ്യ അദ്ദേഹം ചടങ്ങിൽ പ്രകാശനം ചെയ്യും.

## RAIN

കേരളത്തിൽ കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ നാല് വടക്കൻ ജില്ലകളിൽ അതി തീവ്ര മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ്. ഈ ജില്ലകളിൽ ചുവപ്പു ജാഗ്രതയാണ്. പത്തനംതിട്ട മുതൽ ഇടുക്കി വരെയുള്ള ജില്ലകളിലും മലപ്പുറം മുതൽ കാസർകോട് വരെയുള്ള ജില്ലകളിലും നാളെ മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരളം- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

## KOZHIKODE (INTRO)

കോഴിക്കോട് ജില്ലയിൽ മലയോര മേഖലയിലും നഗര പ്രദേശങ്ങളിലും ശക്തമായ മഴ തുടരുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിേ ക്കാട് ജില്ല പ്രതിനിധി നസീർ ബാബു**

(വോയ്സ്)

## IMD-WEATHER- ODISHA RAIN

വടക്കുപടിഞ്ഞാറൻ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ശക്തമായ മഴ തുടരുന്നു. ജമ്മു കശ്മീർ, ലഡാക്ക്, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിലെ ചില ഭാഗങ്ങളിൽ ബുധനാഴ്ച വരെ മഴ തുടരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഒഡീഷയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങൾ തുടരുന്നതിനിടെ, വീണ്ടും മഴ പെയ്തത് പലയിടങ്ങളിലും വെള്ളം കയറുന്നതിനടയാക്കി.

## ASSAM - FLOODS

അസം പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 97 ആയി ഉയർന്നു. 15 ജില്ലകളിലായി 1.68 ലക്ഷത്തിലധികം പേരെ ദുരിതം ബാധിച്ചിട്ടുണ്ട്. ഗോലാഘട്ട്, ശിവസാഗർ, തുടങ്ങി പ്രളയക്കെടുതി രൂക്ഷമായി ബാധിച്ച ജില്ലകളിൽ വെള്ളം ഇറങ്ങി ത്തുടങ്ങി. ധൻസിരി നദിയിൽ മാത്രമാണ് ജലനിരപ്പ് അപകട നിലയിൽ തുടരുന്നത്.

## EVE KOREA MASTERS BADMINTON

ആസാനിൽ നടക്കുന്ന കൊറിയ മാസ്റ്റേഴ്സ് ബാഡ്മിന്റണിൻറെ വനിതാ സിംഗിൾസിൽ , ഇന്ത്യൻ താരങ്ങളായ രക്ഷിത രാംരാജും അഷ്മിത ചാലിഹയും സെമിഫൈനലിൽ പ്രവേശിച്ചു. നാളെ നടക്കുന്ന സെമിഫൈനലിൽ അഷ്മിതയും രക്ഷിതയും തമ്മിൽ ഏറ്റുമുട്ടും.

## PSC

പ്ലാനിങ്ങ് ബോർഡിലേക്ക് കേരള പി.എസ്.സി 2023 ജൂലൈ13 ന് നടത്തിയ പരീക്ഷയിലെ 10 ചോദ്യങ്ങളുടെ മൂല്യനിർണയം നടത്താൻ വിട്ടുപോയ സംഭവത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണത്തോട് പൂർണമായും സഹകരിക്കുന്നുണ്ടെന്ന് പി.എസ്.സി വാർത്താക്കുറിപ്പിൽ അറിയിച്ചു. വിട്ടുപോയ ചോദ്യങ്ങളുടെ മൂല്യനിർണയം പൂർത്തീകരിക്കാനും കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഈ വിഷയം മുൻനിർത്തി അടിസ്ഥാനരഹിതമായ പരാതികൾ ഉന്നയിച്ച് കമ്മീഷൻറെ യശസ്സിനെ കളങ്കപ്പെടുത്താനുള്ള ബോധപൂർവ്വമായ ശ്രമം നടക്കുന്നതായും വാർത്താക്കുറിപ്പിൽ പറയുന്നു.

## KSEB

ദീർഘകാല കുടിശ്ശിക തീർപ്പാക്കാൻ, കെ.എസ്.ഇ.ബി ഇളവുകളോടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചു. രണ്ടു വർഷത്തിനുമേൽ പഴക്കമുള്ള കുടിശ്ശികകൾ ഈ പദ്ധതിയിലൂടെ അനായാസം അടച്ചുതീർക്കാൻ കഴിയും. പലിശ തുക 6 മാസത്തെ തുല്യഗഡുക്കളായി അടയ്ക്കാനും അവസരമുണ്ട്.
ഒക്ടോബർ 31 ആണ് അവസാന തീയതി.